*.മഴകൊണ്ട് മാത്രം മുളയ്ക്കുന്ന വിത്തുകൾ ... *

ആയിരത്തി തൊള്ളയിരത്തി തൊണ്ണൂറ്റി ഒൻപതു എന്ന വർഷം രണ്ടായിരം ആകുമ്പോൾ കമ്പ്യൂട്ടർ ലോകത്ത് ഉണ്ടാകാവുന്ന സാങ്കേതിക പ്രശ്നങ്ങൾ 'y2k 'എന്ന ഓമനപ്പേരിൽ ചർച്ച ചെയ്യപ്പെടുമ്പോൾ അതിനേക്കാൾ മാരകമായ
ഒരുപാടു പ്രശ്നങ്ങൾ അഭിമുഖീകരിച്ചാണ് എന്റെ കൗമാര കാലഘട്ടം കടന്നു പോയത്...

മഴയിൽ നടക്കുമ്പോൾ പാവാടയിൽ ചെളിതുള്ളികൾ തെറിപ്പിക്കുന്ന ചെരുപ്പ്..!
ഒരു കാലത്തും എന്റെ ചീപ്പിനോടോ ക്ലിപ്പിനോടോ അനുസരണയോടെ അടക്കത്തിലും ഒതുക്കത്തിലും ജീവിച്ചിട്ടില്ലാത്ത തലമുടി..!

അളവെടുത്തതിൽ പാകപ്പിഴ വന്ന യൂണിഫോം കഴുത്ത്..!

നടക്കുന്നതിൽ ശ്രദ്ധയില്ലായ്മ കൊണ്ടു പന്ത്രണ്ടാം ക്ലാസ് വരെയും കാലിൽ എപ്പോഴും പൊടിയും ചെളിയും പുരണ്ടിരിക്കുമായിരുന്നു.

എന്നെ ഞാൻ ശ്രദ്ധിക്കാതെ നടന്ന കാലഘട്ടങ്ങൾ ആയിരുന്നു അത്!

മാർക്കും ടീച്ചർമാരുടെ അനുമോദനങ്ങളും ഒക്കെ ഏക ലക്ഷ്യമാക്കി കൊണ്ടു നടന്ന അന്യഗ്രഹജീവി പോലെ മറ്റു പെൺകുട്ടികൾ എന്നെ നോക്കിക്കണ്ടു.

വായന കൂടിപ്പോയതു കാരണം ലൈബ്രറി ബുക്കുകൾക്ക് വീട്ടിൽ വിലക്ക് ഏർപ്പെടുത്തിയിരുന്നു ...

അതിനാൽ തന്നെ
ലൈബ്രറിയിൽ പോയിരുന്നു വായിക്കേണ്ട അവസ്ഥാവിശേഷം അനുഭവിച്ചിരുന്ന പെൺകുട്ടി ഞാൻ മാത്രേ കാണു ആ നാട്ടിൽ...
എന്റെ പ്ലസ് ടു കാലത്ത്.. !

മഴ....
മഴക്ക് പ്രണയമഴയെന്നോ..
അനുരാഗമഴയെന്നോ
പവിഴമഴയെന്നോ ഒന്നും പേര് വയ്ക്കാൻ പറ്റില്ല.
മഴ.. ഇടവപ്പാതി ആയാലും ഇടവം മുക്കാൽ ആയാലും മഴ തന്നെയാണ്.
ഒരേ മഴ തന്നെ ഒരിക്കൽ പ്രണയമായും പിന്നൊരിക്കൽ നഷ്ട സ്വപ്നമായും പെയ്തിറങ്ങുന്നത് കൊണ്ടു മഴയെ മഴ എന്നു മാത്രം വിളിക്കാനാണ് എനിക്കിഷ്ടം.
ഒരുപാട് വികാരങ്ങൾ ഒരുമിച്ചു ചേർന്ന രണ്ടക്ഷരങ്ങൾ.

തുലാവർഷക്കാലം...

തെളിഞ്ഞ ആകാശത്തു മേഘങ്ങൾ ഉരുണ്ടു കൂടാനും.. അത് വിപ്ലവാത്മകമായി പെയ്തൊഴിയാനും ഒരുപാട് നേരം വേണ്ടല്ലോ.വൈകുന്നേരം ട്യൂഷൻ ക്ലാസ്സ് കഴിഞ്ഞു തിരികെ വരുമ്പോൾ മഴ പെയ്തു തുടങ്ങി...
ചെറിയ തുള്ളികൾ മുന്നിലെ ചെടികളുടെ ഇലകളിൽ വൃത്തം വരച്ചു വീണു തുടങ്ങി.പെട്ടെന്ന് മുന്നിൽ കണ്ട പുളിമരത്തിന്റെ കീഴെ പോയി നിന്നു.. മഴ കൂടി വരുന്നുണ്ട്.. !

ഒപ്പം അച്ചടക്കം ലേശം കുറഞ്ഞ എന്റെ  മനസ് പറഞ്ഞു..
ഞായറാഴ്ചയാണ്.., എല്ലാരും വൈകുന്നേരത്തെ സിനിമ ആസ്വദിക്കുന്ന സമയം..
കുട എടുത്തില്ല എന്നത് ന്യായം ആണ്.
മഴ കുറച്ചു നനഞ്ഞാലും ആരും കാണില്ല..
ഇനീപ്പോ കണ്ടാൽ കുടയില്ലാത്തോണ്ടാണ് എന്നു വിചാരിക്കും.
നാട്ടിൻപുറത്തെ നല്ല നടപ്പിന്റെ  സർട്ടിഫിക്കേഷൻ തത്കാലം ഈ മഴ നനയലിനെ ബാധിക്കുമോ എന്നാലോചിക്കാൻ സമയം ഇല്ലാത്തതിനാൽ മഴയിലേക്ക് ഇറങ്ങാൻ തീരുമാനിച്ചു, കാലെടുത്തു മുന്നോട്ട് വക്കുമ്പോ പെട്ടെന്ന് ഒരാൾ കയ്യിലിരിക്കുന്ന എന്തോ ഒന്നു തലയിൽ മറച്ചു കൊണ്ടു ഓടി വന്നു അതേ പുളിമരത്തിന്റെ ചുവട്ടിൽ വന്നു കയറി..!

മഴ അയാളെ നന്നായി പെരുമാറിയിട്ടുണ്ട്. എനിക്ക് ചിരി വന്നു.

ഞാൻ മഴയിലേക്ക് ഇറങ്ങാൻ തുടങ്ങുമ്പോ..
"അവിടെ നില്ല് പെണ്ണേ.. നീ നനയാൻ പോണോ!? "

അധികാരത്തിൽ ഉള്ള "പെണ്ണെ "വിളി
സി വി യുടെ മാനസ പുത്രി,സുഭദ്ര എന്ന ചെമ്പകത്തെ മനസിൽ വരുത്തിച്ചു എന്റെ  നാവുതരിച്ചു..
"ഞാൻ അന്യഥാ ഉള്ള സ്ത്രീയാണ് എന്നെ പെണ്ണേ എന്നു അധികാരത്തോടെ വിളിക്കുമ്പോ അതാലോചിക്കണം! "

തികട്ടിവന്ന ദേഷ്യം കടിച്ചമർത്തി
ഞാൻ അയാളെ നോക്കി..എന്നേക്കാൾ എന്തായാലും പത്തു പന്ത്രണ്ടു വയസ്സിനുമേൽ പ്രായം ഉണ്ടാകണം....

മഴയിലേക്ക് നോക്കി  പരിസരം മറന്നു നിക്കുന്ന അയാളെ ശ്രദ്ധിച്ചു.. എവിടൊക്കെയോ കണ്ടിട്ടുണ്ട്..

ആ കളങ്ങളുള്ള ഷർട്ടും കാവി നിറത്തിലെ മുണ്ടും..കണ്ണു കൊണ്ടു സ്കാൻ ചെയ്യൽ അടി തൊട്ടു തുടങ്ങി..!

കാവി മുണ്ടിന്റെ  അരികുകൾ തട്ടുന്ന കാലുകൾ എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്നോർത്തു മഴയുടെ ശബ്ദത്തിൽ നിന്നു മാറി ഓർമ്മകളിൽ ചികഞ്ഞു..
കിട്ടി....!
ക്ഷേത്രദർശനം നടത്തുന്ന വെള്ളിയാഴ്ചകളിൽ കല്ല് കൊണ്ടുള്ള “ധനമര"ത്തിലേക്ക് ചെറിയ തടി കൊണ്ടുള്ള സ്റ്റൂളിൽ കയറി നിന്നു എണ്ണയൊഴിച്ചിരുന്ന വ്യക്തിയെ അപ്പോൾ തിരിച്ചറിഞ്ഞു....

(സീതാന്വേഷണത്തിനിറങ്ങിയ  ലക്ഷ്മണൻ എന്ത് കൊണ്ടു സീതാദേവിയുടെ പാദസരം തിരിച്ചറിഞ്ഞു എന്നുള്ളതിന്റെ  ഉത്തരം നിഷ്പക്ഷമായി തെളിഞ്ഞു വന്നു.)

കളങ്ങൾ ഉള്ള ഷർട്ടിന്റെ  കൈ മടക്കി വച്ചതും കൈ വിരലിലെ പ്രത്യേക ആകൃതിയുള്ള ചെമ്പു മോതിരവും..
വൈകുന്നേരങ്ങളിൽ ലൈബ്രറിയിൽ മുഖം മറച്ചു മാതൃഭൂമിയോ മനോരമയോ ഒക്കെ വായിക്കുന്ന അജ്ഞാത (ആ ) വ്യക്തിയുടേതാണ്.

അകലേക്ക് അലസമായി നോക്കി നിൽക്കുന്ന ചാരക്കണ്ണുകൾ. ....

കുനിഞ്ഞു നിന്നു കാവി മുണ്ടിന്റെ  അറ്റം കൊണ്ടു മുടിയിലെ വെള്ളം ഒന്ന് തോർത്താനുള്ള ശ്രമം പാഴായ വിഷമത്തിൽ എന്തോ ആലോചിച്ചു കൊണ്ടിരിക്കുവാണെന്നു തോന്നും നിൽപ്പ് കണ്ടാൽ.

എന്റെയുള്ളിലും കൊടുങ്കാറ്റും പേമാരിയും രൂപപ്പെടുകയും ഒരു സമുദ്രം ഇളകി മറിയുകയും  ചെയ്യുന്നത്  ഞാൻ അറിഞ്ഞു.മഴച്ചൂട് എന്ന വാക്ക് ഒരിക്കലും ഉണ്ടാകില്ല. പക്ഷെ ഞാൻ വിയർക്കുന്ന പോലെ എനിക്ക് തോന്നി.ഉള്ളിൽ നടക്കുന്ന വിസ്ഫോടനങ്ങൾ പുറത്തെ ഇടിമിന്നലിനെ നിഷ്പ്രഭമാക്കി.ഒരു നിമിഷം കൊണ്ട് എന്നിൽ എന്താണ് സംഭവിക്കുന്നത് എന്നറിയാതെ ഞാൻ നിന്നു.ഒരു മഴയ്ക്ക് മരുഭൂമിയിൽ പൂക്കൾ വിരിയിക്കാൻ അധികസമയം വേണ്ടി വരില്ല എന്ന സത്യാവസ്ഥ മനസിലാക്കികൊണ്ട് ഒരു ദിശയിലേക്കു മാത്രം പ്രവഹിക്കാൻ കഴിവുള്ള ഒരു നദീ പ്രവാഹം എന്നിൽ ഉറവയായി രൂപം കൊണ്ടു
മഴയിലേക്ക് ഇറങ്ങാതെ.....
മഴയിലേക്ക് നോക്കി ഞാൻ നിന്നു.
മഴ ഒരു വേള തോരാതിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു.കാൽ വിരലുകളിൽ നിന്നും ഹൃദയം വരെ തലങ്ങും വിലങ്ങും പാഞ്ഞു കൊണ്ടിരുന്ന കൊള്ളിമീനുകളിൽ ഒന്ന് പുറത്തു മിന്നിയപ്പോൾ ഞാൻ കുറച്ചു അയാൾക്കരികിലേക്ക് ചേർന്ന് നിന്നു മനപൂർവം .
അയാളുടെ ഗന്ധം 'ഹമാം' സോപ്പിൻറ്റെ ആണോ എന്നാലോചിച്ചു .
എന്റെ  ഹൃദയം മിടിപ്പ് കൂടി പുറത്തേക്ക് തെറിച്ചു പോകുമോ എന്നു ഞാൻ ഭയന്നു നിൽക്കവേ മഴ ഒന്ന് ശമിച്ചു.

തോർന്നു തുടങ്ങിയ മഴയിലേക്ക്  തിരക്കിട്ട് ഇറങ്ങാൻ തുടങ്ങും മുൻപ് അയാൾ എന്റെ  അടുത്ത് വന്നു പറഞ്ഞു.

"നിനക്ക് കുറച്ചു വൃത്തിയായി നടന്നു കൂടെ പെണ്ണേ... ഇങ്ങനേണാ ഈ പ്രായത്തിലെ പെമ്പിള്ളേരൊക്കെ നടക്കുന്നത് !"

ചെമ്പു മോതിരമിട്ട കൈ കൊണ്ടു എന്റെ  തല മുടിയിൽ വീണു കിടന്ന പുളിയില ശ്രദ്ധയോടെ എടുത്തു കളഞ്ഞു കൊണ്ടു ചോദിച്ചിട്ട് നേർത്ത തണുപ്പിലേക്ക് അയാൾ ഇറങ്ങി പോയി....!!

അയാളുടെ നോട്ടം ...അയാളുടെ ഗന്ധം .അയാളുടെ ശബ്ദം ..അയാളുടെ ശ്വാസം എല്ലാം ഒരു നേർത്ത  മഴക്കാറ്റിൽ എന്നിലെത്തി.എന്റെ  കണ്ണു നിറഞ്ഞു...വാക്കുകൾ തൊണ്ടയിൽ തടഞ്ഞു. അല്ലെങ്കിലും ഏതു വാക്കാണ് പുറത്തേക്കു വരാൻ ഉണ്ടായിരുന്നത്?
ഒന്നുമില്ല.

ഇത്തവണ മനസ്സിൽ സുഭദ്ര വന്നില്ല.അയാളിലെ അധികാരം എനിക്കിഷ്ടമായി തുടങ്ങിയിരുന്നു ....എന്നെ തൊടാതെ എന്റെ ഹൃദയത്തെ തൊട്ടുകൊണ്ട്
അയാളെടുത്തുകളഞ്ഞ പുളിയില മനസ്സിൽ ചെറിയൊരു വിത്തു വിതച്ചു കൊണ്ടു  നിലത്തു വീണുകിടക്കുന്ന പുളിയിലപ്പരവതാനിയിൽ മറഞ്ഞു.

എന്നേക്കാൾ മുൻപേ എന്നെ ശ്രദ്ധിച്ചു തുടങ്ങിയ അയാൾ..
ക്ഷേത്ര ദർശനങ്ങളും ലൈബ്രറി സന്ദർശനങ്ങളും എനിക്ക് പതിവില്ലാതെ ഊർജം തന്നു തുടങ്ങി...

പിന്നെപ്പോഴോ പഠനകാരണങ്ങളാൽ നാട്ടിൽ നിന്നും മാറിനിൽക്കേണ്ടി വന്ന കാരണം ഇടയ്ക്കുണ്ടായ അകൽച്ചയിൽ കണ്ണിലും മനസിലും ഊർജം നിറച്ചിരുന്ന ആ രൂപത്തെ കാണാൻ കഴിഞ്ഞിട്ടില്ല.

ലൈബ്രറിയിലോ അമ്പലത്തിലോ ഒന്നും. ആർക്കും ഒന്നും മനസിലാകാത്ത രീതിയിൽ അയാളെ കുറിച്ചുള്ള അന്വേഷണത്തിൽ കിട്ടിയ ഉത്തരം അയാൾ ജോലി കിട്ടി വടക്കോട്ടെങ്ങോ പോയി എന്നായിരുന്നു.

ഇടയ്ക്കിടെ മുഖത്ത് വീഴുന്ന ഓരോ മഴത്തുള്ളിയും എന്നെ ആ പുളിമരച്ചുവട്ടിൽ കൊണ്ടുപോയി നിർത്തും.

എങ്ങനെയാണു പ്രകൃതി ഒരു പെണ്ണിൽ പ്രണയം നിറയ്ക്കുന്നത്?? എങ്ങനെയാണോ മഴചാറ്റലിൽ പ്രകൃതി മണ്ണിന്റെ മണം പടർത്തി പൂത്തു തളിർക്കാൻ തയ്യാറാകുന്നത് അങ്ങനെയാണ് ആദ്യമായ് കവിളത്തു മുഖക്കുരു കിളിർത്തു കൊണ്ടൊരു പ്രണയമഴ എന്നിലും പെയ്തത്.
നഷ്ടബോധമില്ലാതെ..
എന്നാൽ ഓർക്കും തോറും നഷ്ടബോധം തോന്നുന്ന പ്രണയം.

**********************

വർഷങ്ങൾക്കിപ്പുറം നാട്ടിലെ ഉത്സവക്കാലത്തു കണ്ണെഴുതി പൊട്ടു വച്ച് പാട്ടുപാവാടയിട്ടു മുടിയിൽ മുല്ലപ്പൂ വച്ച പത്തു പതിനൊന്നു വയസുള്ള ഒരു ഐശ്വര്യത്തെ കണ്ടപ്പോൾ ഞാൻ നോക്കി നിന്നു.പെട്ടെന്ന് അവളുടെ ഇടതു കയ്യിൽ ചുറ്റി പിടിച്ചിരിക്കുന്ന മറ്റൊരു കൈത്തണ്ട ഞാൻ ശ്രദ്ധിച്ചു...

മനസിൽ പെട്ടെന്ന് ആ ചോദ്യം ഉയർന്നു വന്നു

"നിനക്കു കുറച്ചു കൂടി വൃത്തിയായി നടന്നു കൂടെ..?!."

മീനച്ചൂടിലും മനസ്സിൽ മഴപെയ്തു.
പുളിമരച്ചുവട്ടിലെ തണുത്ത കാറ്റ് വീശി.
ചില രഹസ്യങ്ങൾ അങ്ങനെയാണ് .."മഴകൊണ്ട് മാത്രം മുളയ്ക്കുന്ന വിത്തുകൾ ചിലതുണ്ട് മണ്ണിൻ മനസിൽ ..".
എന്ന് കവി പാടിയ പോലെ എത്രയും മനോഹരമായ സുന്ദര സ്വപ്നം പോലെ ഞാൻ പതിനെട്ടു വർഷമായി ഓരോ മഴക്കാലത്തും താലോലിക്കുന്ന എൻെറ പ്രിയരഹസ്യം .
വീട്ടിലെത്തി കണ്ണാടിയുടെ മുന്നിൽ നിന്ന ശേഷം ചെവിക്കു കുറച്ചു മുകളിലായി ഒന്ന് രണ്ടു തലമുടികൾ ഞാൻ മെല്ലെ വലിച്ചെടുത്തു...
ഇല്ലാത്ത പുളിയില അന്വേഷിച്ചു കൊണ്ടു  ഇതിനു മുൻപും ചില മഴക്കാലങ്ങളിൽ ഇടയ്ക്കിടെ ഞാൻ ആ മുടിയിഴകൾ വലിച്ചെടുക്കാറുണ്ട്...!!
******************************************

ചിത്രു സുരേന്ദ്രൻ വേലിക്കകം
8893515517